## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2820 — 12.10.2011-ൽ മറുപടിയ്ക്ക്

# വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ..പി. ഉബൈദുള്ള | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ; | (എ) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2011-12 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം 12010 കോടി രൂപ സംസ്ഥാന പദ്ധതികൾക്കായും 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 479.54 കോടി രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 734.54 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള 12010 കോടി രൂപയിൽ 1042.95 കോടി രൂപ വിദേശ സഹായ പദ്ധതികൾക്കായും 431.63 കോടി രൂപ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അവാർഡായും ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 326.47 കോടി രൂപയും നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കായി 504.64 കോടി രൂപയും 'ഫുഡ് സെക്യൂരിറ്റി' പദ്ധതികൾക്കായി 89.69 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കായി 2574.05 കോടി രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഹ്രസ്വകാല പദ്ധതികളും ദീർഘ കാല പദ്ധതികളും തരംതിരിച്ച് ആവിഷ്ക്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | വികസന പദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെയും, വിദേശ ഏജൻസികളുടെയും സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരം സഹായം തേടാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | 2011-12 വർഷത്തിൽ 8 വിദേശ സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) |
| (ഡി) | സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ പൂർത്തീകരിക്കുന്നതിനും ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ ? | (ഡി) | സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പദ്ധതികളുടെ നിർവ്വഹണം സംബന്ധിക്കുന്ന പുരോഗതി വിലയിരുത്താറുണ്ട്. ഈ യോഗത്തിൽ സംസ്ഥാന പദ്ധതികൾ കൂടാതെ വിദേശ സഹായ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ഫ്ലാഗ്ഷിപ്പ് പദ്ധതികൾ, ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികൾ, പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ തുടങ്ങിയവയുടെ അവലോകനം നടത്താറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിലേയ്ക്കായി ജി.ഒ.(ആർ.റ്റി) നം.128/11/പ്ലാനിംഗ് തീയതി 30.4.2011 പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയും ഉൾപ്പെടുന്ന കമ്മിറ്റി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രധാനപ്പെട്ട പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് യൂണിറ്റ് ജി.ഒ.(എം.എസ്)നം.50/11/പ്ലാനിംഗ് തീയതി 4.10.2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

7

Annexure

## Externally Aided Projects

In the annual plan 2011-12, there are eight schemes in the State having assistance from the external agencies. The total outlay estimated for these schemes is **Rs.1042.95 Cr**

| | |
|---|---|
| 1. Water Supply Project | Outlay: Rs. 500.00Cr. |
| 2. Add on Project of Jalanidhi | Outlay: Rs. 112.50 Cr. |
| 3. National Hydrology Project | Outlay: Rs. 3.00 Cr. |
| 4. Dam Safety works including Dam Rehabilitation and Improvement Programme (DRIP) | Outlay: Rs.36.00 Cr. |
| 5. National Hydrology Project -Surface Water Component | Outlay: Rs. 2.45 Cr. |
| 6. Dam Rehabilitation and Improvement Project (DRIP) | Outlay: Rs. 34.00 Cr. |
| 7. KSUDP | Outlay: Rs. 105.00 Cr. |
| 8. KSTP | Outlay: Rs. 250.00Cr. |

Section Officer